**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 802** **17-09-2025 - ൽ മറുപടിയ്ക്ക്**

**കോളിത്തട്ട് സർവീസ് സഹകരണ ബാങ്കിൽ നടന്ന ക്രമക്കേടുകൾക്കെതിരെ അന്വേഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സജീവ് ജോസഫ്** | | **ശ്രീ. വി.എൻ വാസവൻ**<br>**(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | ഇരിക്കൂർ മണ്ഡലത്തിലെ കോളിത്തട്ട് സർവീസ് സഹകരണ ബാങ്കിൽ നടന്ന ക്രമക്കേടുകളെ സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം ക്രമക്കേടുകളാണ് ബാങ്കിൽ നടന്നതായി കണ്ടെത്തിയിട്ടുള്ളത്; വിശദമാക്കാമോ; | (എ) | ഇരിക്കൂർ മണ്ഡലത്തിലെ കോളിത്തട്ട് സർവീസ് സഹകരണ ബാങ്കിൽ നടന്ന ക്രമക്കേടുകളെ സംബന്ധിച്ച് കണ്ണൂർ ജോയിന്റ് രജിസ്ട്രാർ (ജനറൽ) ന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കേരള സഹകരണ നിയമം വകുപ്പ് 65 പ്രകാരമുള്ള അന്വേഷണം നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ കേരള സഹകരണ നിയമം വകുപ്പ് 68 (1) പ്രകാരം അന്വേഷണം നടത്തി റിപ്പോർട്ട് കണ്ണൂർ ജോയിന്റ് രജിസ്ട്രാർ(ജനറൽ) ന് ലഭ്യമായിട്ടുണ്ട്. പ്രസ്തുത അന്വേഷണത്തിൽ സംഘത്തിന് ലഭ്യമായ വരുമാനത്തിൽ കവിഞ്ഞ ചെലവുകൾ നിർവഹിച്ചതായും സംഘം സ്വീകരിച്ച നിക്ഷേപത്തിൽ നിന്നും ജീവനക്കാർക്ക് ശമ്പളവും ആനുകൂല്യങ്ങളും അനുവദിച്ച് സംഘം ഫണ്ടിൽ ശോഷണം സംഭവിച്ചതായും, സംഘത്തിൽ നിലവിലുള്ളതും മുമ്പുണ്ടായിരുന്നതുമായ ജീവനക്കാരുടെ ബന്ധുക്കളുടെ പേരിൽ അനുവദിച്ചിട്ടുള്ള വായ്പയിൽ കുടിശ്ശിക വരുത്തിയിട്ടുള്ളതായും കണ്ടെത്തിയിട്ടുണ്ട്. |
| (ബി) | ബാങ്കിൽ ക്രമക്കേട് നടത്തിയത് ആരെല്ലാമെന്ന് കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇവർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം നൽകാമോ; | (ബി) | കേരള സഹകരണ നിയമം വകുപ്പ് 65 ന്റെ അടിസ്ഥാനത്തിൽ നടത്തിയ വകുപ്പ് 68(1) അന്വേഷണ പ്രകാരം സംഘത്തിന്റെ നിലവിലുള്ള ഗുരുതര സാമ്പത്തിക പ്രതിസന്ധിക്ക് ഉത്തരവാദികൾ വിവിധ ഘട്ടങ്ങളിൽ സംഘത്തിൽ നിലവിലുണ്ടായിരുന്ന ഭരണസമിതി അംഗങ്ങളും, സെക്രട്ടറിമാരും, ജീവനക്കാരുമാണെന്ന് കണ്ടെത്തിയിട്ടുണ്ട്.<br><br>കേരള സഹകരണ നിയമം വകുപ്പ് 68(1) റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ക്രമക്കേടിന് ഉത്തരവാദികളായ ബന്ധപ്പെട്ടവരിൽ നിന്നും തുക ഈടാക്കുന്നതിന്റെ ഭാഗമായി കേരള സഹകരണ |

| | | | |
|---|---|---|---|
| | | | നിയമം വകുപ്പ് 68 (2) പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | ബാങ്കിൽ നിക്ഷേപം നടത്തിയവർക്ക് അവരുടെ തുക തിരിച്ച് നൽകാനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | സംഘത്തിൽനിന്നും അനുവദിച്ച് കുടിശ്ശികയായിട്ടുള്ള വായ്പകൾ പിരിച്ചെടുത്തും, സംഘത്തിന്റെ ഫണ്ട് ശോഷണത്തിന് കാരണക്കാരായിട്ടുള്ള വരിൽ നിന്നും തുക ഈടാക്കുന്നതിനായി കേരള സഹകരണ നിയമം വകുപ്പ് 68(2) പ്രകാരമുള്ള നടപടികൾ സ്വീകരിച്ചും നിക്ഷേപകർക്ക് നിക്ഷേപത്തുക തിരികെ നൽകുന്നതിന് നടപടികൾ സ്വീകരിച്ച വരുന്നു. |

സെക്ഷൻ ഓഫീസർ